**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3091 23/03/2015-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബെന്നി ബെഹനാൻ**<br>**,, എ.റ്റി.ജോർജ്**<br>**,, ഹൈബി ഈഡൻ**<br>**,, കെ.ശിവദാസൻ നായർ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | എ) കേരളത്തിലെ ജൈവ കൃഷി നയം പ്രഖ്യാപിച്ചത് 10.02.2010 ലെ സർക്കാർ ഉത്തരവ് നം.39/2010/കൃഷി പ്രകാരമാണ്. സംസ്ഥാനത്ത് കൃഷി ചെയ്തു വരുന്ന വിളകൾക്കും അവ കൃഷി ചെയ്യുന്ന പ്രദേശത്തിനും പ്രത്യേക ഊന്നൽ നല്കി ഘട്ടം ഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി "സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം" എന്ന പരിപാടിയുടെ നടത്തിപ്പ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുതല കാർഷിക വികസന സമിതി യോഗങ്ങളും എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ഓരോ നിയോജക മണ്ഡലത്തിലും കൃഷി അനുബന്ധ മേഖല ഉദ്യോഗസ്ഥരുടെയും ത്രിതല പഞ്ചായത്ത് പ്രതിനിധികളുടെയും യോഗങ്ങൾ നടത്തി. ഓരോ നിയോജക മണ്ഡലത്തിനും അനുയോജ്യമായ കർമ്മ പരിപാടികൾ തയ്യാറാക്കി വരുന്നു.<br><br>ജൈവ കാർഷിക സംസ്ഥാനമാക്കുന്ന |

പരിപാടിയുടെ ഭാഗമായി സസ്യരോഗ കീടനിയന്ത്രണത്തിനായി ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുക, ജൈവ കൃഷിയ്ക്കാവശ്യമായ ജൈവ അവശിഷ്ട കമ്പോസ്റ്റ്, ഖരമാലിന്യങ്ങൾ, ജൈവവേലി, പച്ചില സസ്യങ്ങൾ മുതലായവ ഉറവിടത്തിൽ തന്നെ ഉല്പാദിപ്പിക്കുക, ജൈവ കർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് ജൈവ കർഷക ക്ലസ്റ്ററുകൾ "കേരള ജൈവ കൃഷി അതോറിറ്റി" എന്ന Special Purpose Vehicle രൂപീകരിച്ച് ഈ അതോറിറ്റിയുടെ കീഴിൽ അണിനിരത്തുക, ജൈവ ഉല്പന്നങ്ങൾക്ക് പങ്കാളിത്ത മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കേഷൻ ഏർപ്പെടുത്തുക, ഉല്പാദനോപാധികളായ ജീവാണു വളങ്ങൾ, ജീവാണു കീടരോഗ നിയന്ത്രണകാരികൾ എന്നിവ ഉല്പാദിപ്പിക്കുവാനും സംഭരണം ചെയ്യുവാനും വിപണനം ചെയ്യുവാനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ ജൈവകൃഷി വ്യാപനത്തിന്റെ ഭാഗമായി ജൈവകൃഷി പ്രോതാസ്ഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിരകമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കി വരുന്നത്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ

| | | | |
|---|---|---|---|
| | | | അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്. |
| ബി) | ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ജൈവ കാർഷിക മണ്ഡലം എന്ന പദ്ധതി കൃഷി വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ